ശ്രീ. കെ. എം. മാണി : അത് കർശനമായ തീരുമാനം തന്നെയാണ്. അതിൽനിന്ന് പുറകോട്ടുപോകുന്ന പ്രശ്നമേയില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

പുതിയ വിദ്യാലയങ്ങൾ

* 30. [33] ശ്രീ. പി. സി. തോമസ് (കടുത്തുരുത്തി) :
,, പി. സീതി ഹാജി :
,, എം. കെ. പത്മനാഭൻ
,, കെ. സി. ജോസഫ് :

ശ്രീമതി പി. ദേവൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1986 ജനുവരിക്കുശേഷം സംസ്ഥാനത്ത് പുതിയ വിദ്യാലയങ്ങൾ അനുവദിക്കുവാൻ അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിൽ എയിഡഡ് സ്കൂളുകൾ എത്ര ;

(സി) അൺ എയ്ഡഡ് സ്കൂളുകൾ എത്ര ;

(ഡി) പുതുതായി അൺ എയിഡഡ് സ്കൂളുകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര സ്കൂളുകൾ ;

(എഫ്) ഇതിന് എന്തു മാനദണ്ഡമാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ജി) ഈ തീരുമാനംമൂലം നിലവിലുള്ള ഗവൺമെന്റ് സ്കൂളുകൾ അടച്ചിടേണ്ട സ്ഥിതിവരുമോ ;

(എച്ച്) 1986-87 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്ത് പുതിയ സ്കൂളുകൾ അനുവദിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ ;

(ജെ) ഇതിനുള്ള നടപടി ഏതുവരെയായി ;

(കെ) എത്ര സ്വകാര്യ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നു ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) മുൻ ഗവൺമെന്റിന്റെ കാലത്ത് പ്രസിദ്ധീകരിച്ച പ്രാഥമിക സ്ഥല നിർണ്ണയ ലിസ്റ്റിൽ ഈ ഗവൺമെന്റ് നിയമപരമായ ബാദ്ധ്യത നിറവേറ്റുന്നതിനായി ഒരു എയിഡഡ് ഹൈസ്കൂൾ മന്ത്രിസഭയുടെ തീരുമാനത്തിനു വിധേയമായി അനുവദിച്ചിട്ടുണ്ട്.

(സി) ഒന്ന്

(ഡി) ഉണ്ട്.

(ഇ) 150.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) സ്കൂളുകൾ അനുവദിക്കുവാൻ ഓരോ സ്ഥലത്തിന്റെയും വിദ്യാഭ്യാസപരമായ ആവശ്യകതയാണ് മാനദണ്ഡം ആയി ഉദ്ദേശിക്കുന്നത്.

(ജി) ഗവൺമെൻറ് സ്കൂളുകളെ പ്രതികൂലമായി ബാധിക്കാത്ത തരത്തിലാണ് പുതിയ സ്കൂളുകൾ അനുവദിക്കാൻ ഉദ്ദേശിക്കുന്നത്.

(എച്ച്) മേൽ പറഞ്ഞ അൺ എയിഡഡ് സ്കൂളുകൾ എല്ലാംതന്നെ 1986-87 അദ്ധ്യയന വർഷത്തിൽ അനുവദിക്കാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

(ഐ) കേരളത്തിലെ എല്ലാ ജില്ലകളിലും പുതിയ സ്കൂളുകൾ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

(ജെ) പ്രാഥമിക സ്ഥലനിർണ്ണയ ലിസ്റ്റ് പ്രസിദ്ധീകരിച്ചു കഴിഞ്ഞു.

(കെ) 150 അൺ എയിഡഡ് സ്കൂളുകൾ സഹകാര്യ മേഖലയിൽ അനുവദിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഹയർ സെക്കൻററി സ്കൂളിന്റെ ഭാഗമാക്കാൻ നടപടി

* 31. [34] ശ്രീ. എം. എം. ഹസ്സൻ :
,, ജി. കാർത്തികേയൻ :
,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ :
,, ബെന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്രീ-ഡിഗ്രി വിദ്യാഭ്യാസം യൂണിവേഴ്സിറ്റികളിൽനിന്നും വേർപെടുത്തി ഹയർ സെക്കൻഡറി സ്കൂളിന്റെ ഭാഗമാക്കാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ തീരുമാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി : (ശ്രീ. ടി. എം. ജേക്കബ്) :

(എ, ബി) പ്രീ-ഡിഗ്രി വിദ്യാഭ്യാസം ഒരു പ്രത്യേക ബോർഡിന്റെ ചുമതലയിൽ കൊണ്ടുവരുന്ന കാര്യം ഗവൺമെൻറിന്റെ സജീവ പരിഗണനയിലിരിക്കുകയാണ്. തീരുമാനമൊന്നും ആയിട്ടില്ല.

ഗാന്ധിജി യൂണിവേഴ്സിറ്റിയുടെ അംഗീകാരം

* 32. [35] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ :
,, കെ. എസ്. നാരായണൻ നമ്പൂതിരി :
,, കെ. മുഹമ്മദാലി :
,, രാഘവൻ പൊഴക്കടവിൽ :
,, പന്തളം സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly